**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പിലെ സ്റ്റാറ്റിറ്റിക്സ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ആയ - ശ്രീമതി. രേണുക. കെ.കെ.യ്ക്ക് ചാർജ് അലവൻസ് നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധ)നം. 1992/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.7.2013

===========================================================================

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 14.06.2013-ലെ എ3-1878/13 നമ്പർ കത്ത്.

2. സ.ഉ. (സാധാ) നം.1309/13/LSGD തീയതി 17.05.2013.

**ഉത്തരവ്**

മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ സ്റ്റാറ്റിറ്റിക്സ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ആയ ശ്രീമതി. രേണുക കെ.കെ.യ്ക്ക് ; ടിയാൾ മുഖ്യനഗരാസുത്രകന്റെ ഓഫീസിലെ സ്റ്റാറ്റിറ്റിക്സ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്ന 02.05.2013 മുതൽ 31.05.2013 വരെയുള്ള കാലയളവിലേക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 53 A 11 (C) പ്രകാരം സ്റ്റാറ്റിറ്റിക്സ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 6% നിരക്കിൽ ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ജെ. സ്റ്റാൻലി,**
**ഡെപ്യൂട്ടി സെക്രട്ടറി.**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ശ്രീമതി. രേണുക കെ.കെ., അസിസ്റ്റന്റ് ഡയറക്ടർ
സ്റ്റാറ്റിറ്റിക്സ് വിഭാഗം (മുഖ്യനഗരാസൂത്രകൻ, വഴി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**